കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് - വൃദ്ധവികലാംഗ കേന്ദ്രത്തിന് ഭൗതിക സാഹചര്യം ഒരുക്കൽ പദ്ധതി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ).1636/15/തസ്വഭവ തിരുവനന്തപുരം, തീയതി, 01.06.2015

==================================================================

പരാമർശം: ഗ്രാമ വികസന കമ്മീഷണറുടെ 18.02.2015 ലെ 19199/DP4/14/CRD നമ്പർ കത്ത്.

**ഉത്തരവ്**

വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വൃദ്ധവികലാംഗ കേന്ദ്രത്തിന് ഭൗതിക സൗകര്യം ഒരുക്കൽ (1,25,350/-) എന്ന പദ്ധതി (2009-10 ൽ) നടപ്പിലാക്കയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്തതിനാൽ ഓഡിറ്റ് തടസ്സമുണ്ടെന്നും ലോ.ഫ.3.13 പാരയിൽ പറഞ്ഞിരിക്കുന്ന 1 മുതൽ 5 വരെയുള്ള ഖണ്ഡികയിൽ ഖണ്ഡിക 4 വരെയുള്ളതിന് മറുപടി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് ഖണ്ഡിക (5) അനുസരിച്ച്, സാമൂഹ്യക്ഷേമ മേഖലയിൽ വളരെ ഉപകാരപ്രദമായി നടന്നുകൊണ്ടിരിക്കുന്ന വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 'വൃദ്ധ വികലാംഗ കേന്ദ്രത്തിന് ഭൗതിക സൗകര്യം ഒരുക്കൽ' എന്ന പദ്ധതിക്ക് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശപ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 'വൃദ്ധ വികലാംഗ കേന്ദ്രത്തിന് ഭൗതിക സൗകര്യം ഒരുക്കൽ' എന്ന പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ